# ലേല /ടെണ്ടർപരസ്യം

കൊച്ചിൻ ദേവസ്വം ബോർഡ് തിരുവില്വാമല ഗ്രൂപ്പ് അസിസ്റ്റന്റ് കമ്മീഷണറുടെ ഓഫീസ്സിൽനിന്നും പരസ്യപ്പെടുത്തുന്നത് എന്തെന്നാൽ

തിരുവില്വാമല ഗ്രൂപ്പിൽപ്പെട്ട വെങ്ങാനെല്ലൂർ ദേവസ്വം കീഴെടം തളി ക്ഷേത്രത്തിലെ ശ്രീകോവിലിനു ഭീഷണിയായ ഒരു തേക്കമരം മുറിച്ച് കൊണ്ടുപോകുന്നതിനുള്ള അവകാശം **2014 നവംബർ മാസം 19 ാം തിയതി പകൽ 12 മണിക്ക്** വെങ്ങാനെല്ലൂർ ദേവസ്വം ഓഫീസിൽ വെച്ച് പരസ്യമായി ലേലം/ടെണ്ടർ നടത്തുന്നതിന് തീരുമാനിച്ചിരിക്കുന്നു. ടെണ്ടറിനൊടൊപ്പം **1000/–കയുടെ ഡിമാൻഡ്ഡ്രാഫ്റ്റ്** നിരതദ്രവ്യമായി അസിസ്റ്റന്റ് കമ്മീഷണറുടെപേരിൽ (കുമരനെല്ലൂർ ബ്രാഞ്ച്, വടക്കാഞ്ചേരി ധനലക്ഷ്മി ബാങ്കിൽമാറാവുന്നത്.) അടക്കംചെയ്യേണ്ടതാണ്. ടെണ്ടറുകൾ ലേലസമയത്തിനു 1/2 മണിക്കൂർമുൻപ് ടെണ്ടർബോക്സിൽ നിക്ഷേപിക്കേണ്ടതാണ്.

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ സ്ഥലത്തും സമയത്തും ഹാജരായിരിക്കേണ്ടതും ലേലസമയത്തിനുമുൻപ് നിരതദ്രവ്യം **1000/-** കെട്ടിവെക്കേണ്ടതുണ്. തേക്കുമരം ഏറ്റവുംകൂടുതൽ സംഖ്യക്ക് ലേലം വിളിക്കുന്ന ആളുടെ പേരിൽ മൂന്ന്വാക്ക് വിളിച്ചു നിർത്തി തൽസമയംതന്നെ ബന്ധപ്പെട്ട തേക്കിന് സമർപ്പിച്ചിട്ടുള്ള ടെണ്ടറുകൾ തുറക്കുന്നതും ലേലതുകയോ ടെണ്ടർതുകയൊ ഏതാണ് കൂടുതൽ എന്നുനോക്കി കൂടുതൽ തുകക്ക് ലേലം ഉറപ്പിക്കുന്നതുമാകുന്നു. മേൽപ്രകാരം ഉറപ്പിക്കുന്ന ലേലസംഖ്യയും കൂടാതെ **ലേലതുകയു**ടെ **14.5% വാറ്റും FDT(5%of sale value+vat)** മുഴുവൻ അപ്പോൾതന്നെ ദേവസ്വത്തിൽ അടച്ച് രശീതി വാങ്ങേണ്ടതാണ്. ലേലം/ടെണ്ടർ ഉറപ്പിച്ച് 10 ദിവസത്തിനകം ക്ഷേത്രസമുച്ചയത്തിനൊ ക്ഷേത്രത്തിലെ മറ്റു മുതലുകൾക്കൊ നാശനഷ്ടങ്ങൾ സംഭവിക്കാതെ തേക്കമരം ലേലംകൊണ്ടയാൾ മുറിച്ചു കൊണ്ടുപോകേണ്ടതാണ്. ലേലം കൊണ്ടയാളുടെതൊഴിച്ചുള്ളവരുടെ അടങ്കൽ സംഖ്യ ലേലം ഉറപ്പിക്കുന്ന മുറക്ക് തിരിച്ചു നല്കുന്നതാണ്. ലേലം/ടെണ്ടർ ദേവസ്വത്തിന് ഗുണകരമല്ലെന്ന് കണ്ടാൽ ലേലം/ടെണ്ടർ വേണ്ടെന്ന് വെക്കുന്നതിനൊ മറ്റൊരു തിയതിക്ക് മാറ്റിവെക്കുന്നതിനൊ താഴെ ഒപ്പിടുന്ന ആൾക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

ഈ ലേലത്തെപറ്റി കൂടുതൽ വിവരം അറിയണമെന്നുള്ളവർ പ്രവർത്തിസമയങ്ങളിൽ ഈ ഓഫീസിലൊ, വെങ്ങാനെല്ലൂർ ദേവസ്വംഓഫീസിലൊ Cochindevaswomboard.org എന്ന വെബ്സൈറ്റിലോ ലഭിക്കുന്നതാണ്.

sd/-
അസിസ്റ്റന്റ് കമ്മീഷണർ

തിരുവില്വാമല ഗ്രൂപ്പ്
അസിസ്റ്റന്റ് കമ്മീഷണർ ഓഫീസ്
വടക്കാഞ്ചേരി Pin 680582
Ph.No.04884-235600
വെങ്ങാനെല്ലൂർ ദേവസ്വം Ph.No.04884-254264
10/10/2014